


# 2018-19

# ഡിജിറ്റൽ കൈയ്യെഴുത്ത് മാസിക

## തരകൻസ് ഹൈസ്കൂൾ അരണാട്ടുകര

# നിനദം

## "വിദ്യാലയ മൊഴിയഴകുകൾ"

# സന്ദേശം

***പ്രിയ സുഹൃത്തുക്കളെ ,***



അരണാട്ടുകര പള്ളിയുടെ കീഴിൽ പ്രവർത്തിക്കുന്ന തരകൻസ്സ്കൂൾ ചരിത്രത്തിന്റെ താളുകളിൽ നിറഞ്ഞു നിൽക്കുന്ന കലാലയമാണ് .ഈ സ്കൂളിൽ നിന്ന് പഠിച്ച് ജീവിതത്തിന്റെ വ്യത്യസ്തതലങ്ങളിൽ കഴിവുതെളിയിച്ചിട്ടുള്ള പ്രതിഭകൾ നിരവധിയാണ് . ഇന്ന് പാഠ്യവിഷയങ്ങളിലും ,പാഠ്യേതര കാര്യങ്ങളിലും സവിശേഷമായ ശ്രദ്ധ നൽകികൊണ്ട് തരകൻസ് സ്കൂൾ ഒരിക്കൽ കൂടി പഴയപ്രതാപത്തിലേക്ക്തിരിച്ചുനടക്കുകയാണ് . കഴിഞ്ഞ 3 വർഷങ്ങളിൽ തുടർച്ചയായി S S L C പരീക്ഷയ്ക്ക് 100% വിജയം ലഭിച്ചുവെന്നത് ഇത്തരുണത്തിൽ സ്മരണീയമാണ് . അദ്ധ്യാപകരെയും അനദ്ധ്യാപകരെയും കുട്ടികളെയും ഹൃദയപൂർവം അഭിനന്ദിക്കട്ടെ. നല്ലവരായ ഏവരുടെയും സഹകരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു .

സ്നേഹപൂർവ്വം



റവ.ഡോ.ബാബുപാണാട്ടുപറമ്പിൽ

സ്കൂൾ മാനേജർ,തരകൻസ് സ്കൂൾ




## സന്ദേശം

പ്രിയരേ...

പൊതുവിദ്യാലയ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി , മാറ്റത്തിന്റെ പുതിയ കാഹളം മുഴക്കിക്കൊണ്ട് മുന്നേറുകയാണ് തരകൻസ് ഹൈസ്കൂൾ .

പുത്തൻസാങ്കേതികവിദ്യയുടെ സഹായത്തോടെ ചുരുങ്ങിയ കാലയളവിൽ നല്ലൊരു അധ്യാപകവിദ്യാർത്ഥി സൗഹൃദാന്തരീക്ഷം നിലനിർത്താൻ ഈ വിദ്യാലയത്തി ന് കഴിയുന്നു എന്നത് അഭിനന്ദനാർഹമാണ്. ചൂരലും ചോക്കും താഴെ വെച്ച് ഹൈടെക് സാങ്കേതികത്വം വശമാക്കിവിദ്യാർത്ഥികളുടെ വിജ്ഞാനതൃഷ്ണയെ ഉത്തേജിപ്പിക്കാൻ ഈ നിനദം ഡിജിറ്റൽ മാസികയ്ക്ക് കഴിയുമെന്ന ശുഭാപ്തി വിശ്വാസത്തോടെ.....



ഹെഡ്മാസ്റ്റർ

ശ്രീ സൈമൺ എം കെ

# എഡിറ്റോറിയൽ

താളവാദ്യ വിസ്മയങ്ങളുടെ നാടായ തൃശ്ശിവപേരൂരിന്റെ ഹൃദയഭൂമികയിൽ നിന്നും മാറ്റത്തിന്റെ ശംഖൊലി മുഴക്കികൊണ്ട് ഇതാ ടീം തരകൻസും എത്തുന്നു ,**നിനദം** എന്ന ഡിജിറ്റൽ മാസികയുമായി...

കെട്ടിലും മട്ടിലും മാത്രമല്ല , അറിവാർജ്ജിക്കുന്നതിലും , പങ്കുവയ്ക്കുന്നതിലും പുത്തൻ സാങ്കേതിക വിദ്യകൾ സ്വായത്തമാക്കിക്കൊണ്ട് ചുരുങ്ങിയ വർഷങ്ങൾക്കുള്ളിൽ തരകൻസ് അടിമുടി മാറിക്കഴിഞ്ഞിരിക്കുന്നു.

പിറവിയിൽ തന്നെ ഹൈടെക്ക് സാങ്കേതിക വിദ്യ കൈമുതലാക്കിയ

പുതുതലമുറയോട് ചേർന്നു നിന്നു കൊണ്ട് ഈ വിദ്യാലയമുത്തശ്ശിയും നിനദത്തിലൂടെ തന്റെ വർത്തമാനകാല മൊഴിയഴകുകൾ പങ്കുവെയ്ക്കുന്നു.

പഴമയെ അപ്പാടെ തള്ളികളയതെ അതിന്റെ നന്മകളെ മുറുകെ പിടിച്ചു കൊണ്ട് , അധ്യാപക-വിദ്യാർത്ഥി സൗഹൃദാന്തരീക്ഷത്തിൽ രക്ഷിതാക്കളുടെയും, തദ്ദേശ സ്ഥാപനങ്ങളുടെയും, നാട്ടുകാരുടേയും നിറഞ്ഞ പിന്തുണയോടോടെ ഇനിയും മുന്നേറുകയാണ് തരകൻസ് ടീം .

വിദ്യാലയ പ്രവത്തനങ്ങളുടെ ഭാഗമായി
നറുങ്ങ് ചിന്തകളും മൊഴികളും കോർത്തിണിക്കി,
ശബ്ദാരവങ്ങളുടെ അകമ്പടിയോടെ, അനന്ത
വിശാലതയിലേക്ക് കൊട്ടിക്കയറാൻ **'നിനദ'** ത്തിന്
കഴിയുമെന്നു പ്രതീക്ഷിച്ചുകൊണ്ട്------
എഡിറ്റർ
ടീം തരകൻസ്

# എഡിറ്റോറിയൽ ബോർഡ്

ഹെഡ്മാസ്റ്റർ : ശ്രീ.സൈമൺ എം കെ

കൈറ്റ് മിസ്ട്രസ് :ജൂലി പി ജോർജ് & വിനീത പി

## എഡിറ്റേഴ്സ്

ശ്രീജിത്ത് വി എസ്

രാഹുൽ കുമാർ

ആതിഷ് .കെ . കെ

അലി മാലിക്ക്

അനരഞ്ജ് എ എ

ആൻറീഷ് ഷാജി

ജിക്സൺ പോൾസൻ

വിമൽ രാജു

ആദിത്യൻ.പി.എസ്

അഭിനവ്

ആകാശ് ടി എൻ

# ഉള്ളടക്കം

## ഉള്ളടക്കം

ചരിത്രാവലോകനം.....9
നാടൻപാട്ട്.....12
കടങ്കഥകളും ഉത്തരങ്ങളും.....15
കേരളത്തിന്റെ കാർഷിക സംസ്കാരം.....16
പണിമുടക്ക്.....18
വിശപ്പിന്റെ നൊമ്പരങ്ങൾ.....19
मुरझाया फूल.....20
കളരി.....22
പരിസ്ഥിതി ദിനം.....24
गणितवाणी.....25
उद्यानम्.....26
E-Waste.....32
ഇലക്ട്രോണിക് മാലിന്യങ്ങൾ (ഇ-മാലിന്യങ്ങൾ).....32
തരകൻസിന്റെ ചിത്രകാരൻ.....34
നന്ദി.....36

# തരകൻസ് ഹൈസ്കൂൾ

## അരണാട്ടുകര

## ചരിത്രാവലോകനം

വർഷങ്ങളായി അരണാട്ടുകരയിലും സമീപപ്രദേശങ്ങളിലെയും ജനങ്ങൾക്ക് അറിവിൻെറ വെളിച്ചം പകർന്ന് തന്നിരുന്ന സ്ഥാപനമാണ് തരകൻസ് സ്കൂൾ. ചിറമ്മൽ മാത്യു തരകൻ കുടുംബത്തിൻെറ നിയന്ത്രണത്തിലായിരുന്ന തരകൻസ് സ്കൂൾ.എന്നാൽ ഈ വിദ്യാലയത്തിൻെറ ഉടമസ്ഥാവകാശം ശ്രീ ചിറമ്മൽ ഈനാശു തരകൻ അരണാട്ടുകര പളളിയ്ക്ക് വിട്ടുകൊടുത്തു. ബഹുമാനപ്പെട്ട അക്കര ജോർജ്ജച്ചൻ വികാരിയായിരുന്ന കാലത്താണ് തരകൻസിനെ ഹൈസ്കൂളായി ഉയർത്തിയത്. 1947-48 ൽ ശ്രീ എ.സി ചിറമ്മൽ ആയിരുന്ന സ്കൂളിൻെറ ആദ്യ ഹെഡ്മാസ്റ്റർ. ഭരണ വികേന്ദ്രീകരണത്തിനു വേണ്ടി 1961 ൽ തരകൻസ് ഹൈസ്കൂളിൽ നിന്നും എൽ.പി വിഭാഗം വേർതിരിച്ചു.5 മുതൽ

10 വരെ  ഹൈസ്കൂളും , 1 മുതൽ 4 വരെ എൽ.പി സ്കൂളുമായി രൂപീകരിച്ചു.അതിനുശേഷം ഉയർച്ചയുടേയും താഴ്ചയുടെയും ധാരാളം പടവുകൾ  സ്കൂൾ  താണ്ടുകയുണ്ടായി.

## അന്നും



## ഇന്നും



# നാടൻപാട്ട്



ഞാറെല്ലാം

ലാകീലാക്യേ-

താരികന്താരോം

തിരിപ്പണം കെട്ടിയിട്ടേ-

താരീകന്താരോം

കണ്ടം നട്ടുക്കളചെന്നേ

താരീകന്താരോം

ഞാറിട്ടുകൈവണങ്ങ്യേ

താരീകന്താരോം

നട്ടുവലം തിരീഞ്ഞേ

താരീകന്താരോം

നട്ടുപുറം തിരിഞ്ഞേ

താരീകന്താരോം

നട്ടുവരമ്പുകണ്ടേ-

താരീകന്താരോം

ഞാറിട്ടകൈവണങ്ങ്യേ-

താരീകന്താരോം

ഒടയോരെ കൈവണങ്ങ്യേ-

താരീകന്താരോം

സൂര്യനദിച്ചുകണ്ടേ

താരീതിനന്തോം

നേരംപുലർന്നപോയേ-



താരീതിനന്തോം

ഒരുപിടിഞാറെടുത്തേൻ

താരീതിനന്തോം

ആദിത്യൻ കതിരുനോക്ക്യേ-

താരീതിനന്തോം

ആദിത്യൻ കതിരുകേണ്ട

താരീകന്താരോം

തൈവത്തെക്കൈയെടുത്തേൻ

താരീകന്താരോം

തമ്പുരാൻ വന്നല്ലോ-

താരീതിനന്തോം

തല്ലിക്കരകേറ്റുമേ

താരീതിനന്തോം

നട്ടീട്ടും തീരുന്നില്ലേ-

താരീതിനന്തോം



# കടങ്കഥകളും ഉത്തരങ്ങളും

1.അകന്നു നിന്നു നോക്കിക്കാണും, കണ്ടതെല്ലാം ഉള്ളിലാക്കും.

ഛായാഗ്രാഹി (ക്യാമറ)

2.അച്ഛൻ തന്ന കാളയ്ക്കു കൊമ്പ്.
കിണ്ടി

3.അക്കരെ നിൽക്കും കാളക്കുട്ടന് അറുപത്തിരണ്ട് മുടിക്കയറ്.

മത്തത്തണ്ട്.

4.അടി മദ്ദളം, ഇല ചുക്കിരി, കായ് കൊക്കര.
പുളിമരം

5.അടിച്ചുവാരിയ മുറ്റത്ത് വാരിയെറിഞ്ഞ മണൽത്തരികൾ.
നക്ഷത്രങ്ങൾ

6.ആയിരം ആളുകൾ ചെത്തിപ്പണിത ചിത്രക്കൂടക്കല്ല്.
തേനീച്ചക്കൂട്

7.ആകാശം മുട്ടെ വളരും മരം, കാക്കക്കിരിക്കാൻ പറ്റൂല.
പുക

8.ഈച്ച തൊടാത്തൊരിറച്ചിക്കഷണം, പൂച്ച തൊടാത്തൊരിറച്ചിക്കഷണം,

തൊട്ടാൽ നക്കുമിറച്ചിക്കഷണം.
തീക്കനൽ

9.ഇരുട്ട് കണ്ടാൽ മറയും, വെളിച്ചം കണ്ടാൽ തുറക്കും.
കണ്ണ്

10.കിഴക്കുന്ന് വരവ്, പടിഞ്ഞാട്ട് പോക്ക്.
സൂര്യൻ

11.പകലെല്ലാം പച്ചക്കായ, രാവായാൽ പഴുത്തകായ.
ഇലക്ട്രിക് ബൾബ്

# കേരളത്തിൻെറ കാർഷിക സംസ്കാരം

ലോകത്തിലെ തന്നെ ഏറ്റവും മഹത്തായ സംസ്കാരം എന്ന് വിശ്വസിക്കപെടുന്ന ഭാരതീയ സംസ്കാരത്തിൻറെ ഭാഗമാണ് കേരളീയ സംസ്കാരം. ആര്യ, ദ്രാവീഡിയ സംസ്കാരങ്ങളുടെ ഒരു ഒത്തുചേരലാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. 'തമിഴകം' എന്നറിയപ്പെട്ടിരുന്ന ഒരു പ്രദേശത്തിൻറെ ഭാഗം ആയിരുന്നു കേരളം. ഇന്ന് കാണുന്ന കേരളിയ സംസ്കാരം രൂപപ്പെട്ടത്, വലിയൊരളവു വരെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും, മത നവീകരണ പ്രസ്ഥാനങ്ങളുടെയും സ്വാധീനത്തിൽ കൂടിയാണ്. കേരളിയ സംസ്കാരത്തിൻറെ മുഖമുദ്ര തന്നെ കൃഷിയാണ് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും, കേരളത്തിൻറെ കാലാവസ്ഥ കൃഷിക്ക് അനുയോജ്യമാണ്

മുൻപ് കേരളമെന്നു പറയുന്നത് വനങ്ങളാൽ മൂടപ്പെട്ട പ്രദേശമായിരുന്നു. ലോഹയുഗത്തിന്റെ ആരംഭത്തോട് കൂടിയാണ് കേരളത്തിൽ ചെറിയ തോതിൽ കൃഷി രീതികൾ ആരംഭിച്ചത്. അവതന്നെ നിലനിൽപ്പിനു വേണ്ടി ഉള്ളവയായിരുന്നു. വിദേശികളുടെ വരവോടു കൂടി കേരളത്തിൻറെ കൃഷി രീതികളിൽ വ്യക്തമായ മാറ്റങ്ങൾ സംഭവിച്ചു.ഡച്ചുകാരിൽ നിന്നാണ് തെങ്ങിനും, നാളികേരത്തിനും പ്രസിദ്ധി നേടിയ കേരളം തെങ്ങ് കൃഷിയുടെ ശാസ്ത്രീയ വശങ്ങൾ പഠിച്ചത്.കയർ, കാപ്പി, തേയില, റബ്ബർ അന്നെന്ന പോലെ ഇന്നും കേരളം സുഗന്ധദ്രവ്യങ്ങൾക്ക് പേരുകേട്ട നാടാണ്. കൃഷിയെ ആശ്രയിച്ചായിരുന്നു നമ്മുടെ നാടിൻറെ വ്യാവസായ മേഖലയും നിലനിന്നു പോയത്.

കാർഷിക വിപ്ലവം അഥവാ ഹരിത വിപ്ലവം എന്ന് പറയുന്നത് 1940-1960 കാലഘട്ടത്തിൽ ഇന്ത്യയൊട്ടാകെ നടപ്പാക്കിയ ഏതാനും കാർഷിക വികസന പദ്ധതികൾ ആണ്1961 ൽ ഇന്ത്യ ഭക്ഷ്യ ക്ഷാമത്തിൻറെ പിടിയിൽ അകപ്പെട്ടു. അന്ന് നമ്മുടെ രാജ്യത്തെ ഇതിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി ഇന്ത്യ ഗവണമൻറ മുന്നോട്ടു വച്ച പദ്ധതി ആണ് ഹരിത വിപ്ലവത്തിന് വഴി വച്ചത്

ഹരിത വിപ്ലവത്തിന്റെ നാഴികക്കല്ല് എന്ന് പറയുന്നത് രാസവളങ്ങളും, കീടനാശിനികളും ആയിരുന്നു. പുതിയ തരം വിത്തിനങ്ങൾ, കീടനാശിനികൾ, രാസവളങ്ങൾ ഇവയെല്ലാം കാർഷികോൽപ്പാദനം വളരെ വർദ്ധിപ്പിച്ചു. കൂടാതെ

സാങ്കേതികവിദ്യയിൽ ഉണ്ടായ മാറ്റങ്ങൾ പുതിയ യന്ത്രങ്ങൾ കൊണ്ടുവരുന്നതിനും കാരണമായി. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെയും പോലെ കേരളത്തെയും ഈ മാറ്റങ്ങൾ ബാധിച്ചു. കാർഷികോല്പ്പാദനം വർദ്ധിച്ചു. ഭക്ഷ്യക്ഷാമം കുറഞ്ഞു. ഭക്ഷണരീതികൾ ആരോഗ്യപ്രദമായി, ആരോഗ്യം വർദ്ധിച്ചു, സമ്പത്ഘടന വളർന്നു, നാടിൻറെ ജീവിതം ആരോഗ്യപൂർണ്ണമായി.എന്നാൽ, പുതിയ ആരോഗ്യ പ്രശ്നങ്ങളും, പാരിസ്ഥിതിക പ്രശ്നങ്ങളും ഉയർന്നു വന്നു. അമിതമായ കീടനാശിനികളുടേയും, രാസവളങ്ങളുടേയും ഉപയോഗം മൂലം കാൻസർ പോലെയുള്ള മാരക രോഗങ്ങൾ പടർന്നു പിടിച്ചു, മാസ്ക് പോലെയുള്ള പ്രതിരോധ മുറകൾ ഉപയോഗിക്കാഞ്ഞത് കാരണം കീടനാശിനികൾ നശിപ്പിച്ചത് ഏതാനും മനുഷ്യ ജീവനുകൾ കൂടി ആണ്. പ്രകൃതി ഒന്നടങ്കം ചൂഷണം ചെയ്തു കൊണ്ടുള്ള രീതികൾ അവലംബിച്ചത് കൊണ്ട് തന്നെ, ഹരിതഗ്രഹ വാതക പ്രഭാവം, ജൈവവൈവിധ്യ നഷ്ടം, പുനസ്ഥാപിക്കാൻ കഴിയാത്ത ഊർജ്ജസ്രോതസ്സുകളുടെ നഷ്ടം ഇവയൊക്കെ ആയിരുന്നു ദീർഘകാല ഫലങ്ങൾ. ഇപ്പറഞ്ഞവ എല്ലാം തന്നെ നമ്മുടെ കേരളത്തെയും ബാധിച്ച പ്രശ്നങ്ങൾ ആയിരുന്നു. അതിൻറെ ഫലമായി 1940-60 കാലങ്ങളിൽ നാം നേടിയ വർധനവ് പെട്ടെന്ന് തന്നെ കുറയുകയുണ്ടായി. മണ്ണിന്റെ ശേഷി നശിപ്പിച്ച കൊണ്ടുള്ള കാർഷിക രീതി, വായുവിനെ മലിനമാക്കി കൊണ്ടുള്ള കൃഷി, ജീവജാലങ്ങളെ കൊന്നൊടുക്കി കൊണ്ടുള്ള വിപ്ലവം വേണ്ട എന്നാ മുറവിളി ഉയർന്നു.

ഈ കാലഘട്ടം മുതൽ തന്നെ കൃഷിയിൽ വ്യക്തമായ ചലനങ്ങൾ കാണാൻ കഴിയുന്നു.മട്ടുപ്പാവ് കൃഷിയും, പ്രകൃതി സൗഹൃദ കൃഷി രീതികളും, ജനിതക മാറ്റം വരുത്തിയ വിത്തിനങ്ങൾ നമ്മുടെ ഉൽപ്പാദന മേഖലയെ അടക്കി വാഴുന്ന കാഴ്ച ആണ് നമുക്കു കാണാൻ കഴിയുന്നത്. കൂടാതെ, കാർഷിക യന്ത്രങ്ങളിലും, രീതികളിലും നാം വ്യത്യാസങ്ങൾ ഉണ്ടാക്കി. കൃഷിയിൽ കേരളം ഇവിടെ നിന്ന് തുടങ്ങി എന്നും ഇന്ന് ഇവിടെ എത്തി നിൽക്കുന്നു എന്നും നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. മിനിട്ടുകൾക്കുള്ളിൽ ഏക്കറുകളോളം ഉഴുതുമാറിക്കുന്ന സാങ്കേതിക വിദ്യ ഇന്ന് നമ്മുടെ കൈയിൽ എത്തിയിട്ടുണ്ട്. കൃഷി മരിക്കുന്നു, ഇന്ന് കൃഷി ഇല്ല എന്ന് പറയുന്ന സമൂഹം തിരിച്ചറിയണം ഇന്ന് കേരളം പല മേഖലകളിലായി അതിവേഗം മുന്നേറിക്കഴിഞ്ഞു



# പണിമുടക്ക്

അപ്പൂ.....എഴുന്നേൽക്ക് എത്ര നേരമായി വിളിക്കുന്നു.എന്നും നേരം വൈകിയാ പോവുന്നേ ..അമ്മ പറഞ്ഞു.അപ്പോൾ തന്നെ അപ്പു കിടന്നിടത്ത് നിന്ന് തല പൊക്കി പിടിച്ച് പറഞ്ഞു. അല്ലെങ്കിലും സ്കൂളിൽ പോയിട്ട് വലിയ കാര്യമില്ല. കാരണം ഈ വർഷം തുടങ്ങി യത് തന്നെ ഹർത്താലും വനിതാ മതിലുമായിട്ടാണ്. അമ്മ : നീ വലിയ വാചകമടിക്കാതെ സ്കൂളിൽ പോവാൻ നോക്ക്. അപ്പു വേഗം എഴുന്നേറ്റ് റെഡിയായി. അപ്പോഴാണ് ഭക്ഷണം കഴിക്കാൻ അമ്മ വിളിച്ചത്. ടി വി ന്യൂസ് വെറുതെ വെച്ചു നോക്കി. അപ്പോൾ അപ്പു സന്തോഷത്തോടെ അലറി. അപ്പോൾ അമ്മചോദിച്ചു; എന്താ കാര്യം?

അപ്പു പറഞ്ഞു :ന്യൂസ് നോക്കമ്മേ .........

ന്യൂസ് :8,9 ഉം പണിമുടക്ക് സ്വകാര്യ ബസ്സുകൾസർവീസ് നടത്തുന്നില്ല.

അപ്പു: അമ്മയോട് പറഞ്ഞു. വെറുതെ എന്നെ ഉറക്കത്തിൽ നിന്ന് എഴുന്നേൽപ്പിച്ചു.

ലക്ഷ്മി ടി എസ്

X A

# വിശപ്പിൻെറ നൊമ്പരങ്ങൾ

വേദനകൾ എൻെറ കൂടപ്പിറപ്പുകൾ

വാതിലുകൾ ഇല്ലാത്ത വീടിനകത്തും

വാക്കുകൾ ചുമക്കുന്ന തോൾസഞ്ചിയിലും

വേദനകൾ വിരിയുന്നു കൊഴിയുന്നു.

കടം വീട്ടുവാനായി,കടം തെണ്ടി,

ജന്മം കടതിണ്ണത്തോറും

കടപ്പാട്ടു പ്പറ്റി വിളിക്കുന്നു ദൂരെ ......

വിശപ്പെന്ന വിളികൾ ഒന്നൊന്നായി കേൾക്കെ

വിയർക്കുന്നു

തിരിക്കട്ടെ യാത്ര

വിശപ്പെന്ന വിളികൾ ഒന്നൊന്നായി കേൾക്കെ

വിശപ്പടക്കാനായി തിരിക്കട്ടെ ഞാൻ

സൂരജ് പി.ആർ

XA

# मुरझाया फूल

**सुभद्राकुमारी चौहान्**

यह मुरझाया हुआ फूल है
इस का हृदय दुखाना मत ।
स्वयं बिखरनेवाली उसकी
पंखुडियाँ बिखराना मत ।
गुजरो अगर पास से इसके
इसें चोट पहुँचाना मत ।
जीवन की अंतिम घडियों में
देखो इसे रुलाना मत ।
अगर हो सके तो ठंडी
बूदे टपका देना प्यारे ।
जल न जाए संतप्त हृदय
शीतलता ला देना प्यारे ।।

राहुल कुमार
IX A

# ജലം





ജീവന്റെ ഉറവിടം

ജലമാണ്. ജീവന്റെ നിലനിൽപിന് ആധാരമാണ് ജലം.കുടിക്കാനും ഗാർഹിക ആവശ്യങ്ങൾക്കും മാത്രമല്ല കാർഷിക-വ്യവസായികാവശ്യങ്ങൾക്കും വൈദ്യുതി ഉൽപാദനത്തിനും എല്ലാം വെള്ളം വേണം. മണ്ണിലാണ് വെള്ളം ശേഖരിക്കപ്പെടുന്നതും സംരക്ഷിക്കപ്പെടുന്നതും എന്നതിനാൽ മണ്ണും.മണ്ണിനെ മണ്ണാക്കി നിർത്തുന്നത് ജൈവവസ്തുക്കളാകയാൽ ജൈവവസ്തുക്കളും സംരക്ഷിച്ചു കൊണ്ടേ ജലത്തെ സംരക്ഷിക്കാനാവൂ.

# കളരി

എട്ടു നാട്ടും കീർത്തി കേട്ട

ഇമ്പമേറും കേരള നാട്

അമ്പത്തൊന്നീരടി കളരിയേ വാാാാ

കളരി ഗുരുനാഥനെ വാാാാ

പച്ചനെല്ലിൻ കതിരും കൊത്തി

പറക്കുന്ന പൈങ്കിളി തത്തേ.......

നീ കണ്ടോ പുനരാരംഭം

കളരിയേ കണ്ടോ.......

കളരിയും കണ്ട് ഞാന്

ഗുരുമുഖം കണ്ട് ഞാന്

ചിതമായ ഗുരുവിന്റെ ചമയം കണ്ടേ

പട്ടുതൊപ്പി കുപ്പായം

വെള്ളിപ്പിടിപ്പിച്ച കത്തി

മിന്നുന്ന വാളുറുമി ചരായ പരിച

ഇവയെല്ലാം കീർത്തീം കേട്ട

കളരിയെന്ന കലയ്ക്ക് മാത്രം

ഇമ്പമേറുന്ന കേരളനാടേ

വിജയിക്കട്ടെ...

ആദിത്യൻ

ക്ലാസ്:IX A

# പരിസ്ഥിതി ദിനം

പ്രാദേശികമായി ലഭ്യമായതും അനുയോജ്യമായതുംമായ മരങ്ങൾ നട്ടുന്നതിനോടൊപ്പം അതിൻെറ തുടർ പരിപാലനം ഉറപ്പുവരുത്തണം

നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമായ വിളകൾ കൃഷികളിൽ തിരഞ്ഞെടുക്കുക

വിളപരിപാലനത്തിൽ രാസകിട കളനാശിനികളും രാസവളപ്രയോഗവും ഉപരിസ്ഥിതിക്ക് ഇണങ്ങുന്ന ജൈവ മാർഗങ്ങൾ അവലംബിക്കുക

പരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുന്ന മണൽവാരൽ

പാറപൊട്ടിക്കൽ ,വയൽ നികത്തൽ എന്നിവ്ക്ക് പ്രാദേശികനിയന്ത്രണം ഏർപ്പെടുത്തുക

മാലിന്യം ശാസ്ത്രിയരിതിയിൽ കൈകാര്യം ചെയ്ത് ജൈഅജൈവ മാലിന്യങ്ങക്ക് പുനർ ഉപയോഗം കണ്ടെത്തുക

ജല ഉപയോഗത്തിൽ മിതത്വം പാലിക്കുകയും ജല സംരക്ഷണം ഉറപ്പ് വരുത്തുകയും ചെയ്യുക

ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം പരിമിതപ്പെടത്തുക

കെട്ടിടനിർമാണങ്ങളിൽ പ്രകൃതിസൗഹൃദ നിർമിതികൾക്ക് പ്രാധാന്യം നൽകുക

അനുരഞ്ജ് എ.എ


IX A

# गणितवाणी


भारतं गणितस्य प्रसूतिगेहमिति श्री मुत्तलपुरं मोहनदासः अभिप्रेति स्म । अनेके गणितशास्त्रज्ञाःआर्षभूमिमलञ्चकारेति सः अवदत् । भास्कर-आर्यभट-ब्रह्मगुप्तादयोः तेषां रचनाभिः न केवलं गणितं अपि तु संस्कृतभाषां पोषितवन्तः । टागोर् वेदिकायां आर्यभटानुस्मरणसभायां "गणितं संस्कृतं च" इति विषये भाषमाणः आसीत् ।



ब्रह्मगुप्त




भास्कराचार्य




आर्यभटः

आदिष् . के.के

IX A

# उद्यानम्

उद्यानम् अतिसुन्दरम्
वसन्तकालशोभनम् ।।
हरितवर्णपूरितम्
पुष्पगन्धसुरभिलम् ।।
भ्रमरनादमुखरितम्
उद्यानम् अतिसुन्दरम् ।





आकाश् .टि.एन्
X A

# എല്ലാ സ്കൂളിലും കാണും



കമ്പനി ആയ ഒരു ടീച്ചർ



ആർക്കോ വേണ്ടി ക്ലാസ്സെടുക്കുന്ന ടീച്ചർ



ഒരു ഉപദേശി ടീച്ചർ



പിന്നെ ഒരു പരിഷ്കാരി മിസ്സും


ശ്രീജിത്ത് വി എസ്&രാഹുൽ കുമാർ

IX A






തരകൻസ് ലിറ്റിൽ കൈറ്റ്സ് 2018-19


Estd: 1922
THARAKAN'S SCHOOL
ARANATTUKARA
PHONE : 0487 2384390
Managed by :
St.Thomas Church Aranattukara
Email : thsaranattukara@gmail.com
Rev. Fr. BABU PANATTUPARAMBIL
(Manager)
Homely ambience
New Academic Block
Development of SLRW Skills
Competent and Excellent Faculty
Counseling Assistance for Students
Mentors to take care of Weak Students
Religious and Moral Instructions
School Bus facility
Tharakan's Sports Academy / Abacus Classes
Continuous 100 % Result in SSLC
ADMISSION STARTED
LKG - STD IX




THARAKAN'S SCHOOL
THARAKAN'S SCHOOL

# E-Waste




## ഇലക്ട്രോണിക് മാലിന്യങ്ങൾ (ഇ-മാലിന്യങ്ങൾ)

- വൈദ്യുതി കടത്തിവിടാൻ ഉപയോഗിക്കുന്ന ഒരു കഷണം ചെമ്പ് കമ്പി മുതൽ കൃത്രിമ ഉപഗ്രഹം വരെയും ഫ്യൂസ് വയർ മുതൽ കമ്പ്യൂട്ടർ സർക്ക്യൂട്ട് വരെയും പരന്ന് കിചക്കുന്നതാണ്ഇ-മാലിന്യങ്ങൾ .
- ബൾബുകൾ,ട്യൂബുകൾ,മോബൈൽ

ഫോണുകൾ,ടെലിവിഷനുകൾ,
കമ്പ്യൂട്ടറുകൾ,ക്യമറകൾ,വൈദ്യുതിയിൽ
പ്രവർത്തിക്കുന്ന കളിപ്പാട്ടങ്ങൾ
എന്നിവയെല്ലാം ഇതിൽ
ഇതിലുൾപ്പെടുന്നു

ലെഡ്, കാഡ്മിയം,ബെറിയം, മെർക്കുറി
തുടങ്ങിയ ഒട്ടനവധി മാരകവിഷവസ്തുക്കൾ
ഇവയിലടങ്ങിയിരിക്കുന്നു.





ആലി മാലിക്

IX A

# തരകൻസിന്റെ ചിത്രകാരൻ



അജിൻ ജോജോ-തരകൻസിന്റെ ചിത്രകാരൻ. ഭിന്നശേഷിവിഭാഗത്തിൽപ്പെടുന്ന ഈ വിദ്യാർത്ഥിയുടെ ലക്ഷ്യം അറിയപ്പെടുന്ന ചിത്രകാരനായി മാറുകയെന്നാണ്. പിൻതുണയുമായി മാതാപിതാക്കളും അധ്യപകരും കൂടെയുണ്ട്. പത്രങ്ങളിലും മാസികകളിലും കുട്ടിവരയുമായി മുൻപന്തിയിലാണ്. 2019 അഖിലകേരള ഭിന്നശേഷിചിത്രരചനാമത്സരത്തിൽ അജിൻെറ ചിത്രങ്ങൾ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

















# നന്ദി_

അംഗീകാരത്തിൻേറയും പ്രോത്സാഹനത്തിൻേറതുമായ ഒരു നോട്ടം ,ഒരു ചെറുപുഞ്ചിരി ,ഒരു നല്ല വാക്ക് ഒരു വാത്സല്യ സ്പർശം ഇതെല്ലാം ഒരു കുട്ടിയുടെ മനസ്സിൽ സൃഷ്ടിക്കുന്ന ഭാവനകൾ വളരെ വലുതാണ് . ആ ഭാവനകളുടെ ഡിജിറ്റൽ സമാഹാരമായ 'നിനദത്തിന്' തരകൻസിലെ ലിറ്റിൽകൈറ്റ്സ് നല്കിയ സംഭാവന വളരേ വലുതാണ് . ഇവയ്ക്ക് നേതൃത്വം നല്കിയ ലിറ്റിൽ കൈറ്റസ് യൂണിറ്റ് അംഗങ്ങൾക്കും കൈറ്റ് മിസ്ട്രസ്സമാരായ ജ്ര്ൂലി ടീച്ചർക്കും ,വിനീത ടീച്ചർക്കും തരകൻസിൻെറ നന്ദിയുടെ പൂച്ചെണ്ടുകൾ -----